HQ/21/2022/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 18-10-2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-HQ/21/2022/EXCISE</u>**

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് - മയക്കുമരുന്നു കേസ്സുകളിലെ പ്രതികൾക്ക് അധിക ശിക്ഷ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

മയക്കുമരുന്നു കേസ്സുകളിലേർപ്പെടുന്ന കുറ്റവാളികൾക്ക് NDPS Act 31, 31 A വകുപ്പുകൾ പ്രകാരം അധിക ശിക്ഷ നൽകുന്നതിനും 3 4 വകുപ്പ് പ്രകാരം സെക്യൂരിറ്റി ബോണ്ട് വാങ്ങുന്നതിനുമുള്ള നടപടികളെടുക്കാനായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. **<u>വർദ്ധിച്ച ശിക്ഷ (Enhanced Punishment)</u>**

NDPS Act 31 താഴെപറയും പ്രകാരമാണ്.

Enhanced punishment for offences after previous conviction.

If any person who has been convicted of the commission of, or attempt to commit, or abetment, or criminal conspiracy to commit, any of the offences punishable under this Act is subsequently convicted of the commission of, or attempt to commit, or abetment of, or criminal conspiracy to commit, an offence punishable under this Act with the same amount of punishment shall be punished for the second and every subsequent offence with rigorous imprisonment for a term which may extend to one-half of the maximum term of imprisonment and also be liable to fine which shall extend to one-half of the maximum amount of fine.

( 2 ) ഇതിനുപുറമേ കുറഞ്ഞ ശിക്ഷയും പിഴയുമാണ് വിധിക്കുന്നതെങ്കിലും അത് സാധാരണയുള്ളതിന്റെ ഒന്നരയിരട്ടി ആയിരിക്കണമെന്നും പറയുന്നു.

( 3 ) സമാനകുറ്റകൃത്യങ്ങൾക്ക് വിദേശകോടതികളിൽ നിന്നുള്ള ശിക്ഷയും ഇതിന് പ്രസക്തമാണ്.

(4) ഈ വകുപ്പ് മുൻ ശിക്ഷ ഉള്ളവർക്കാണ് ഏറെ പ്രസക്തമാകുന്നത്.

ഇതനുസരിച്ച് ഒരു വ്യക്തി

i. NDPS Act ന്റെ ഏതെങ്കിലും വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തതിനോ,

ii. NDPS Act ന്റെ ഏതെങ്കിലും വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്യാൻ ശ്രമിച്ചതിനോ,
iii. NDPS Act ന്റെ ഏതെങ്കിലും വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്യുന്നതിന് സഹായിച്ചതിനോ
iv. NDPS Act ന്റെ ഏതെങ്കിലും വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്യുന്നതിന് ഗൂഢാലോചന നടത്തിയതിനോ ഏതെങ്കിലും ഒരു കോടതി ശിക്ഷിക്കുകയും, അതേ വ്യക്തി വീണ്ടും NDPS Act പ്രകാരമുള്ള ഒരു കുറ്റം ചെയ്യുകയാണെങ്കിൽ ആ വ്യക്തിയുടെ പേരിൽ അധിക ശിക്ഷ വിധിക്കുന്നതിനായി വകുപ്പ് 31 പ്രകാരം നടപടി സ്വീകരിക്കണം. പ്രത്യേകസ്വഭാവമുള്ള ചില സാഹചര്യങ്ങളിൽ വീണ്ടും കുറ്റം ചെയ്യുന്നവർക്ക് മരണശിക്ഷ വരെ നൽകാനും വ്യവസ്ഥയുണ്ട്.

<u>31 A പ്രകാരമുള്ള നടപടി</u>

NDPS Act 31 A, ൽ താഴെപറയും പ്രകാരം പറയുന്നു.

Death penalty for certain offences after previous conviction.—

(1) Notwithstanding anything contained in section 31, if any person who has been convicted of the commission of, or attempt to commit, or abetment of, or criminal conspiracy to commit, any of the offences punishable under 8[section 19, section 24, section 27A and for offences involving commercial quantity of any narcotic drug or psychotropic substance], is subsequently convicted of the commission of, or attempt to commit, or abetment of, or criminal conspiracy to commit, an offence relating to,—

(a) engaging in the production, manufacture, possession, transportation, import into India, export from India or transshipment, of the narcotic drugs or psychotropic substances specified under column (1) of the Table below and involving the quantity which is equal to or more than the quantity indicated against each such drug or substance, as specified in column (2) of the said Table:

(b) financing, directly or indirectly, any of the activities specified in clause (a),

2 [shall be punished with punishment which shall not be less than the punishment specified in section 31 or with death].

(2) സമാന കുറ്റവാളികൾക്ക് വിദേശ കോടതികളിൽ നിന്നുള്ള ശിക്ഷയും ഇതിന് പ്രസക്തമാണ്.

ഇതനുസരിച്ച് ഒരു വ്യക്തി

1 . NDPS Act ന്റെ 19, 24, 27 A പ്രകാരമുള്ള കുറ്റം ചെയ്തതിനോ, ശ്രമിച്ചതിനോ, പ്രേരിപ്പിച്ചതിനോ, ഗൂഢാലോചന നടത്തിയതിനോ അല്ലെങ്കിൽ വാണിജ്യ അളവിലുള്ള മയക്കമരുന്നോ, സൈക്കോട്രോപ്പിക് ഉത്പന്നങ്ങളുടെ കേസിലോ ശിക്ഷിക്കപ്പെട്ടിട്ടുള്ള വ്യക്തി.

TABLE

| Particulars of narcotic drugs/psychotropic substances | Quantity |
|---|---|
| (i) Opium . . . . . . . . | 10 kgs. |
| (ii) Morphine . . . . . . . . | 1 kg. |
| (iii) Heroin . . . . . . . . | 1 kg. |
| (iv) Codeine . . . . . . . . | 1kg. |
| (v) Thebaine . . . . . . . . | 1 kg. |
| (vi) Cocaine . . . . . . . . | 500 grams |
| (vii) Hashish . . . . . . . . | 20 kgs. |
| (viii) Any mixture with or without any neutral material of any of the drugs | : lesser of the quantity between the quantities given against the respective narcotic drugs or psychotropic substances mentioned above forming part of the mixture] |
| (ix) LSD, LSD-25 (+) - N, N-Diethyllyser gamide (d-lysergic Acid diethylamide) | 500 grams |
| (x) THC (Tetrahydrocannabinols, the following Isomers: 6a (10a), 6a (7),7,8,9,10,9 (11) and their tereochemical variants) | 500 grams |
| (xi) Methamphetamine (+)-2-Methylamine-I-Phenylpropane | 1,500 gram |
| (xii) Methaqualone (2-Methyl-3-0-tolyl-4-(3h—) q u i n a z o l i n o n e ) | 1,500 gram |
| (xiii) Amphetamine (+)-2-amino-1-phenylpropane | 1,500 gram |
| (xiv) Salts and preparations of the psychotropic substances mentioned in (ix) to (xiii) | 1,500 gram |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന തരത്തിൽ മയക്കുമരുന്നുകളുടെ ഉത്പാദനം, കൈവശം വയ്ക്കൽ, കടത്തൽ, ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുക, ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുക, മാറ്റി വയ്ക്കുക ഇവ ചെയ്യുകയാണെങ്കിലോ

2 . അല്ലെങ്കിൽ നേരിട്ടോ അല്ലാതെയോ സാമ്പത്തിക സഹായം ചെയ്യുകയാണെങ്കിലോ അയാളുടെ പേരിൽ 31 A വകുപ്പ് പ്രകാരം അധിക ശിക്ഷയോ വധശിക്ഷയോ നൽകുന്നതിന് കംപ്ലയിന്റ് ഫയൽ ചെയ്യുമ്പോൾ റിപ്പോർട്ട് നൽകേണ്ടതാണ്.

<u>31, 31A NDPS Act പ്രകാരമുള്ള നടപടിയ്ക്കായി ചെയ്യേണ്ടത്</u>

i. കുറ്റാരോപിതന്റെ പേരിൽ NDPS Act ന്റെ 36A(1)(d) പ്രകാരം കംപ്ലയിന്റ് കോടതിയിൽ സമർപ്പിക്കുന്നതിന് മുമ്പ് കുറ്റാരോപിതൻ നേരത്തേ NDPS Act പ്രകാരമുള്ള കുറ്റത്തിന് ശിക്ഷിക്കപ്പെട്ട ആളാണോ എന്ന് പരിശോധിക്കേണ്ടതാണ്. ഇതിനായി വകുപ്പിലെ കേസുകളെ സംബന്ധിച്ചും പോലീസ് എടുക്കുന്ന കേസുകളെ സംബന്ധിച്ചുമുള്ള വിവരം എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ (ECRB) നിന്നും എടുക്കേണ്ടതും പോലീസിന്റെ ബ്യൂറോ (SCRB)യിൽ നിന്നും കൂടി വിവരങ്ങൾ ECRB ശേഖരിച്ച് നൽകേണ്ടതുമാണ്.

ii. കുറ്റാരോപിതൻ മുമ്പ് ശിക്ഷിക്കപ്പെട്ട കേസിന്റെ / കേസ്സുകളുടെ ക്രൈം ആന്റ് ഒക്കറൻസ് റിപ്പോർട്ട് / FIR, 36A(1)(d) പ്രകാരം കംപ്ലയിന്റ് / 173(2) Crpc Report, വിധിപ്പകർപ്പ് ഇവയുടെ സർട്ടിഫൈഡ് കോപ്പി ശേഖരിച്ച് കംപ്ലയിന്റിന് ഒപ്പം രേഖകളായി നൽകേണ്ടതും, വിവരം റിപ്പോർട്ട് / യഥാസ്ഥ ഭാഗത്ത് രേഖപ്പെടുത്തേണ്ടതും കംപ്ലയിന്റ് ഫയൽ ചെയ്യുന്ന ഉദ്യോഗസ്ഥൻ വഴി അടയാളം ചെയ്ത് തെളിയിക്കേണ്ടതുമാണ്. വിധി ന്യായത്തിന്റെ പകർപ്പ് ലഭിച്ചില്ലായെങ്കിൽ ആ വിവരം റിപ്പോർട്ട് ഭാഗത്ത് രേഖപ്പെടുത്തേണ്ടതും, വിചാരണയ്ക്കിടെ 313 സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുന്നതിന് മുമ്പ് ഹാജരാക്കേണ്ടതുമാണ്.

iii. കംപ്ലയിന്റിന്റെ റിപ്പോർട്ട് ഭാഗത്ത് മുൻ ശിക്ഷാ വിവരവും വകുപ്പ്31 /31 A പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നുള്ള അപേക്ഷയും രേഖപ്പെടുത്തണം.

iv. ഇത്തരത്തിൽ നടപടിക്കായി അന്വേഷണം നടക്കുന്ന സമയത്തു തന്നെ മുൻശിക്ഷ വിവരങ്ങൾ ഇ സി ആർ ബി യിൽ നിന്നും വാങ്ങിയിരിക്കണം. അന്വേഷണം കഴിഞ്ഞാൽ റിപ്പോർട്ട് നൽകുന്നതിനു ഇതൊരു കാലതമാസമാകാൻ പാടില്ല. ഇപ്രകാരം ഇ സി ആർ ബി യിൽ നിന്നും കിട്ടുന്ന മറുപടി സി ഡി ഫയലിൽ നിർബന്ധമായും ഉണ്ടായിരിക്കണം. ഇതിൽ വീഴ്ച വരുത്തുന്ന അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്

–

<u>കുറ്റം ചെയ്യുകയില്ല എന്നുള്ളതിനുള്ള ബോണ്ട് വയ്പിക്കുന്നതിനുള്ള നടപടി</u>.

<u>വകുപ്പ് 34 പ്രകാരമുള്ള നടപടി</u>

ഇതിലേക്ക് ഏതെങ്കിലുമൊരു വ്യക്തിയെ NDPS Act ലെ നാലാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലുമൊരു കുറ്റത്തിന് ശിക്ഷിക്കുകയും അപ്പീലിനായോ മറ്റോ ജാമ്യത്തിൽ അയയ്ക്കുകയാണെങ്കിൽ ടിയാൻ നാലാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന കുറ്റം ആവർ ത്തിക്കില്ലായെന്ന് 3 വർഷത്തിലധികം വരാത്ത കാലയളവിലേക്ക് ബോണ്ട് വാങ്ങാൻ നിയമം അനുവദിക്കുന്നുണ്ട്. കുറ്റവാളികളെ ജാമ്യത്തിലിറക്കി കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുന്നതിനും പിന്തിരിപ്പിക്കുന്നതിനും ഇതിലൂടെ സാധിക്കും. ഇതിലേക്ക് കൃത്യസമയം തന്നെ പ്രോസിക്യൂട്ടർക്ക് വിവരം നൽകേണ്ടതാണ്.

Security for abstaining from commission of offence.

(1) Whenever any person is convicted of an offence punishable under any provision of Chapter IV and the court convicting him is of opinion that it is necessary to require such person to execute a bond for abstaining from the commission of any offence under this Act, the court may, at the time of passing sentence on such person, order him to execute a bond for a sum proportionate to his means, with or without sureties, for abstaining from commission of any offence under Chapter IV during such period not exceeding three years as it thinks fit to fix.

(2) The bond shall be in such form as may be prescribed by the Central Government and the provisions of the Code of Criminal Procedure, 1973 (2 of 1974), shall, in so far as they are applicable, apply to all matters connected with such bond as if it were a bond to keep the peace ordered to be executed under section 106 of that Code.

(3) If the conviction is set aside on appeal or otherwise, the bond so executed shall become void.

(4) An order under this section may also be made by an appellate court or by the High Court or Sessions Judge when exercising the powers of revision.

ഈ സർക്കുലർ തീയതി മുതൽ അന്വേഷണം പൂർത്തിയാക്കി കംപ്ലയിന്റ് റിപ്പോർട്ട് ഫയൽ ചെയ്യുന്ന എല്ലാ കേസ്സുകളിലും ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ മേൽ പറഞ്ഞ നിയമനടപടികൾ സാദ്ധ്യമാണോ എന്ന് പരിശോധിക്കേണ്ടതും, നിയമപരമായി സാദ്ധ്യമായ കേസ്സുകളിൽ ഉപേക്ഷയില്ലാതെ ഈ നടപടികൾ എടുത്തിരിക്കേണ്ടതുമാണ്.

S. AANANTHAKRISHNAN IPS

Signed by
S. Aananthakrishnan Ips
Date: 18-10-2022 13:19:57

എക്സൈസ് കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം/എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ(എക്സൈസ്)
3. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
4. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
5. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
6. എല്ലാ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർക്കും
7. എല്ലാ എക്സൈസ് ഇന്സ്പെക്ടർമാർക്കും
8. എക്സൈസ് കമ്മീഷണറുടെ സി.എ. യ്ക്ക്
9. ഓഫീസ് ഫയൽ / സ്റ്റോക്ക് ഫയൽ

HQ/21/2022/EXCISE